**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **13-12-2022 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക വ്യവസായ മേഖലയ്ക്ക് ആവശ്യമായ മൂലധന പിന്തുണ നൽകുന്നതിന് രൂപീകരിച്ച കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കാർഷിക വ്യവസായ മേഖലക്ക് ആവശ്യമായ മൂലധന പിന്തുണ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷകർക്ക് വിവിധ തരം കാർഷിക വിളകളുടെ ഉൽപാദനത്തിന് പ്രവർത്തന മൂലധനമായി ഹ്രസ്വകാല കാർഷിക വായ്പകൾ നബാർഡിൽ നിന്നുള്ള പുനർവായ്പയ്ക്ക് വിധേയമായി കേരളാ ബാങ്ക് അനുവദിച്ച് വരുന്നു. ഈ ഇനത്തിൽ തൻവർഷം നവംബർ മാസം വരെ 3237 കോടി രൂപ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിച്ചിട്ടുണ്ട്. കാർഷിക കാർഷികാനുബന്ധ മേഖലകളിൽ മൂലധന നിക്ഷേപ വായ്പയായി ദീർഘകാല കാർഷിക വായ്പകളും പ്രോജക്ട് അടിസ്ഥാനത്തിൽ അനുവദിച്ച് വരുന്നു. കർഷക ഉത്പാദന സംഘടനകളിലൂടെ മൂല്യവർധിത ഉത്പാദനം ലക്ഷ്യമിട്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷികാഭിവൃദ്ധി നേടുന്നതിനുമായി സമൂഹത്തിലെ ചെറുകിട നാമമാത്ര ഭൂരഹിത കർഷകരുടെ കൂട്ടായ കാർഷികാഭിവൃദ്ധിക്ക് കരുത്ത് പകരുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾക്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അനുവദിച്ച് നൽകുന്ന വായ്പകൾക്ക് കേരള ബാങ്കിൽ നിന്നും പുനർ വായ്പ അനുവദിക്കുന്നു.<br><br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പരിധിയിൽ വരുന്ന ഉത്പാദന സേവന കച്ചവട മേഖലകളുടെ പ്രവർത്തനങ്ങൾക്കായി MSME വായ്പയായി സംഘങ്ങൾ അനുവദിച്ച് നൽകുന്ന തുകയ്ക്കും കേരള ബാങ്കിൽ നിന്നും പുനർവായ്പ അനുവദിക്കുന്നു. പ്രസ്തുത സ്കീമിലൂടെ പരമാവധി 50 ലക്ഷം രൂപ വരെ സഹകരണ സംഘങ്ങൾക്ക് അംഗ തലത്തിൽ അനുവദിച്ച് നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കാർഷിക ഉത്പന്നങ്ങളുടെ Post harvest പ്രവർത്തനങ്ങൾക്ക് കാർഷിക കാർഷികാനുബന്ധ ഉത്പന്നങ്ങളെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയകളായ cleaning, grading, waxing, packing, pulp and juices, pickles, squashes and sauces, flour milling, baking, noodles, honey, chips making, spices grinding മുതലായ പ്രവർത്തനങ്ങളിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന micro food processing സംരംഭങ്ങൾക്കും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കേരള ബാങ്കിൽ നിന്നും പുനർവായ്പ അനുവദിച്ച് നൽകി വരുന്നു. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി (AIF) യും കേരളാ ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. |
| (ബി) | നബാർഡ് പിന്തുണയോടെയുള്ള കാർഷിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഒരു ശതമാനം പലിശ നിരക്കിൽ വായ്പ നൽകാൻ പ്രസ്തുത ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി (AIF) കേരളാ ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. നബാർഡ് പിൻതുണയോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയെ നബാർഡിന്റെ PACS as MSC എന്ന പദ്ധതിയുമായി ലിങ്ക് ചെയ്ത് കേരള സംസ്ഥാന സഹകരണ ബാങ്കിലൂടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കാർഷിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഒരു ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ വിവിധ പദ്ധതികൾക്കായി 52 സംഘങ്ങൾക്ക് 68.49 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ബാങ്ക് രൂപീകരണ കാലത്തുണ്ടായിരുന്ന നഷ്ടവും നിഷ്ക്രിയ ആസ്തിയും കുറച്ച് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരള ബാങ്കിന്റെ രൂപീകരണ സമയത്ത് 29.11.2019-ൽ ബാങ്കിന്റെ സഞ്ചിത നഷ്ടം 1151.02 കോടി രൂപയായിരുന്നു. ഇത് 31.03.2022-ൽ 637.02 കോടി രൂപയായി കുറച്ച് കൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണ സമയത്ത് നിഷ്ക്രീയാസ്തി 8833.95 കോടി രൂപയായിരുന്നു. 31.03.2022-ൽ നിഷ്ക്രീയാസ്തി 5466.53 കോടി രൂപയായി കുറച്ച് കൊണ്ടു വരുന്നതിന് കഴിഞ്ഞിട്ടുണ്ട്. സഹകരണ വകുപ്പിന്റെ നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്കിന്റെ compromise settlement പദ്ധതിയായ recovery management policy ഊർജ്ജിത കുടിശ്ശിക നിർമ്മാർജ്ജന പദ്ധതിയായ Mission 100 |

| | | | |
|---|---|---|---|
| | | | days be the number one campaign എന്നിവയിലൂടെയാണ് നിഷ്ക്രിയാസ്തി കുറയ്ക്കുവാൻ സാധിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ